"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - വനാതിർത്തിയോട് ചേർന്ന പട്ടയം ലഭിച്ചിട്ടില്ലാത്ത ഭൂമിയിൽ തർക്കങ്ങൾ ഒന്നുമില്ലാതെ വർഷങ്ങളായി കൃഷി ചെയ്യുന്ന ദീർഘകാല വിളകൾക്ക് വിള ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.194/2024/AGRI തീയതി,തിരുവനന്തപുരം, 27-02-2024

---

പരാമർശം:-

1. സ.ഉ (കൈ) നം. 167/2017/കൃഷി തീയതി 28.12.2017.
2. സ.ഉ (കൈ) നം.93/2022/കൃഷി തീയതി 29.10.2022.
3. ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 05.07.2023 ലെ ADFW/PAO/IDK/1310/2023-TB(2) നമ്പർ കത്ത്.

**ഉത്തരവ്**

അസംരക്ഷിത വന ഭൂമിയിൽ കൃഷി ചെയ്യുന്ന ഹ്രസ്വ കാല വിളകൾക്കും വാർഷിക വിളകൾക്കും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം നൽകുവാൻ പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ വനം വകുപ്പിന്റെ അനുമതിയും കൃഷി - വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധനാ റിപ്പോർട്ടുകളും നികുതി രസീതിന്റെ പകർപ്പ്, വാടക കരാറിന്റെ പകർപ്പ് എന്നിവ ഹാജരാക്കണമെന്ന നിബന്ധനകൾ പല പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതിനെ തുടർന്ന് പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പിന്റെ അനുമതിയോടെ വന ഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വന ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ ഹ്രസ്വ കാല വിളകൾക്ക് പരാമർശം 1 ന്റെ അനുബന്ധമായി ചേർത്തിരുന്ന കർഷകന്റെ സത്യ പ്രസ്താവനയിൽ കൃഷി ഓഫീസർ/ അദ്ദേഹം നിയോഗിക്കുന്ന ഉദ്യോഗസ്ഥനും അതാത് പ്രദേശത്തെ വാർഡ് കൗൺസിലർ/ മെമ്പറും സംയുക്ത പരിശോധന നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണെന്നും പ്രസ്തുത റിപ്പോർട്ടിൽ വിളയുടെ വ്യാപ്തി/എണ്ണം/വിസ്തൃതി, പരിശോധന സമയത്തെ പ്രായം , അവസ്ഥ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്ന നിബന്ധനയോടെ സംസ്ഥാന വിള ഇൻഷുറൻസ്, പ്രകൃതി ക്ഷോഭം മൂലമുള്ള കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം ഉൾപ്പെടെ സംസ്ഥാന കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ആനുകൂല്യം നൽകുവാൻ ഉത്തരവായിരുന്നു. കൃഷി ചെയ്യുന്നതിന് വനം വകുപ്പ് രേഖാ മൂലം അനുമതി നിഷേധിക്കുന്ന സ്ഥലങ്ങളിൽ ഒരു ആനുകൂല്യവും നൽകാൻ പാടില്ലെന്നും നിർദ്ദേശിച്ചിരുന്നു.

2. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ മേഖലാ തല അവലോകന യോഗത്തിന്റെ ഭാഗമായി ഇടുക്കി ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ പരാമർശം 3 പ്രകാരം

സമർപ്പിച്ച ആവശ്യങ്ങളിൽ പട്ടയം ഇല്ലാത്ത ഭൂമിയിൽ തലമുറകളായി കൃഷി ചെയ്തു വരുന്ന ദീർഘകാല വിളകൾക്ക് കൂടി പരാമർശം 2 ലെ ഉത്തരവ് പ്രകാരമുള്ള കൃഷി വകുപ്പിൽ നിന്നുമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വനാതിർത്തിയോട് ചേർന്ന് തർക്കങ്ങൾ ഒന്നുമില്ലാതെ വർഷങ്ങളായി കൃഷി ചെയ്യുന്ന പട്ടയം ലഭിച്ചിട്ടില്ലാത്ത ഭൂമിയിലുള്ളതായ ദീർഘകാല വിളകൾക്കും പരാമർശം (2) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം വിള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
PRINCIPAL SECRETARY & APC

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക്ഫയൽ/ ഓഫീസ് കോപ്പി **(AGRI-AG3/150/2023-AGRI).**

ഉത്തരവിൻ പ്രകാരം
Signed by
Vineeshkumar
Date: 28-02-2024 10:45:22
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
കാർഷികോത്പാദന കമ്മീഷണറുടെ പി എയ്ക്ക്